"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- 2026-27 അധ്യയന വർഷത്തെ ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലേക്കുള്ള പാഠപുസ്തക അച്ചടിയ്ക്കായി 2026 മെയ് മാസം മെ.ശേഷസായി പേപ്പർ & ബോർഡ്സ് ലിമിറ്റഡ്, കെ.ബി.പി.എസ്-ൽ വിതരണം ചെയ്ത അച്ചടി പേപ്പറിന്റെയും തമിഴ്നാട് ന്യൂസ് പ്രിന്റ് ആന്റ് പേപ്പേഴ്സ് ലിമിറ്റഡ് കെ.ബി.പി.എസ്-ൽ വിതരണം ചെയ്ത ബോർഡിന്റെയും തുക അനുവദിച്ച നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.5356/2026/GEDN തീയതി,തിരുവനന്തപുരം, 10-08-2026

---

പരാമർശം:-

1. 04.11.2025 തീയതിയിലെ സ.ഉ.(കൈ) നം. 178/2025/പൊ.വി.വ നമ്പർ ഉത്തരവ്
2. 07.01.2026 തീയതിയിലെ സ.ഉ.(സാധാ) നം.2/2026/PPAD നമ്പർ ഉത്തരവ്
3. 14.05.2026 തീയതിയിലെ സ.ഉ.(സാധാ) നം.3301/2026/പൊ.വി.വ നമ്പർ ഉത്തരവ്
4. 26.05.2026 തീയതിയിലെ സ.ഉ.(സാധാ) നം.3553/2026/പൊ.വി.വ നമ്പർ ഉത്തരവ്
5. 02.07.2026 തീയതിയിലെ സ.ഉ.(സാധാ) നം.4386/2026/പൊ.വി.വ നമ്പർ ഉത്തരവ്
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20.07.2026 തീയതിയിലെ TBO/45/2026-C നമ്പർ കത്ത്
7. 06.08.2026 തീയതിയിലെ സ.ഉ.(സാധാ) നം.6319/2026/ധന നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

2026 - 27 അധ്യയന വർഷത്തെ ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലേക്കുള്ള പാഠപുസ്തക അച്ചടിയ്ക്കാവശ്യമായ 5 തരം പേപ്പർ 2 തരം കാർഡ് ഇനങ്ങൾ എന്നിവ സ്റ്റേഷനറി വകപ്പ് മുഖേന കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിക്ക് വാങ്ങി നൽകുന്നതിന് പരാമർശം (1) പ്രകാരം 111,43,48,012/- (നൂറ്റിപ്പതിനൊന്നുകോടി നാല്പത്തിമൂന്നുലക്ഷത്തി നാല്പത്തി എട്ടായിരത്തി പന്ത്രണ്ടുരൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. 2026 - 27 അധ്യയന വർഷത്തെ ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലേക്കുള്ള പാഠപുസ്തക അച്ചടിയ്ക്കാവശ്യമായ 5 തരം പേപ്പർ ഇനങ്ങൾ 74900/- രൂപ മെട്രിക് ടൺ നിരക്കിൽ മെ.ശേഷസായി പേപ്പർ & ബോർഡ്സ് ലിമിറ്റഡിൽ നിന്നും വാങ്ങുന്നതിനും, കാർഡ് ഇനങ്ങൾ 84527.78/- രൂപ മെട്രിക് ടൺ നിരക്കിൽ തമിഴ്നാട് ന്യൂസ് പ്രിന്റ് & പേപ്പേഴ്സ് ലിമിറ്റഡിൽ നിന്നും വാങ്ങുന്നതിനുമായി 92,92,20,076/-(തൊണ്ണൂറ്റിരണ്ടുകോടി തൊണ്ണൂറ്റിരണ്ടു ലക്ഷത്തി ഇരുപതിനായിരത്തി എഴുപത്തിയാറുരൂപ മാത്രം) രൂപയുടെ പർച്ചേസ് അനുമതി നൽകി പരാമർശം(2) പ്രകാരം ഉത്തരവായിരുന്നു.

3. തമിഴ്നാട് ന്യൂസ് പ്രിന്റ് & പേപ്പേഴ്സ് ലിമിറ്റഡ്, 2026 മാർച്ച് മാസം കെ.ബി.പി.എസ് - ൽ വിതരണം ചെയ്ത 51.5248 മെട്രിക് ടൺ കാർഡിന്റെ ബിൽ തുകയായ 43,55,275/- (നാല്പത്തിമൂന്നുലക്ഷത്തി അമ്പത്തി അയ്യായിരത്തി ഇരുനൂറ്റി എഴുപത്തിയഞ്ചുരൂപ മാത്രം) രൂപ പരാമർശം (3) പ്രകാരവും, 2026 ഫെബ്രുവരി മാസം ശേഷസായി പേപ്പർ & ബോർഡ്സ് ലിമിറ്റഡ്, കെ.ബി.പി.എസ് - ൽ വിതരണം ചെയ്ത 1777.742 മെട്രിക് ടൺ അച്ചടി പേപ്പറിന്റെ തുകയായ 13,31,52,868/- (പതിമൂന്നുകോടി മുപ്പത്തിയൊന്നുലക്ഷത്തി അമ്പത്തി രണ്ടായിരത്തി എണ്ണൂറ്റി അറുപത്തിയെട്ട് രൂപ മാത്രം) രൂപ പരാമർശം (4) പ്രകാരവും, 2026 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ മെ.ശേഷസായി പേപ്പർ & ബോർഡ് ലിമിറ്റഡ്, കെ.ബി.പി.എസിൽ വിതരണം ചെയ്ത 2161.0697(1700.0445 + 461.0252) മെട്രിക് ടൺ അച്ചടി പേപ്പറിന്റെയും 2026 ഏപ്രിൽ മാസം തമിഴ്നാട് ന്യൂസ് പ്രിന്റ് & പേപ്പേഴ്സ് ലിമിറ്റഡ് കെ.ബി.പി.എസിൽ വിതരണം ചെയ്ത ആയ 21.0604 മെട്രിക് ടൺ ബോർഡിന്റെയും തുകയായ യഥാക്രമം 12,73,33,332/- രൂപ, 3,45,30,787/- രൂപ, 17,80,188/- രൂപ ഉൾപ്പെടെ ആകെ 16,36,44,307/- (പതിനാറു കോടി മുപ്പത്തിയാറു ലക്ഷത്തി നാല്പത്തി നാലായിരത്തി മുന്നൂറ്റി ഏഴു രൂപ മാത്രം ) രൂപ പരാമർശം (5) പ്രകാരവും ഈ സാമ്പത്തിക വർഷത്തെ "2202-02-106-99-00-24 (M&S) NP (V) " എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്ന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

4. തുടർന്ന്, 2026 മെയ് മാസം മെ. ശേഷസായി പേപ്പർ & ബോർഡ്സ് ലിമിറ്റഡ് കെ.ബി.പി.എസ്-ൽ വിതരണം ചെയ്ത 1100.5207 മെട്രിക് ടൺ പേപ്പർ -ന്റെ തുകയായ 8,24,29,000/-(എട്ടു കോടി ഇരുപത്തിനാലുലക്ഷത്തി ഇരുപത്തി ഒമ്പതിനായിരം മാത്രം) രൂപയും, തമിഴ്നാട് ന്യൂസ് പ്രിന്റ് & പേപ്പേഴ്സ് ലിമിറ്റഡ് (TNPL) കെ.ബി.പി.എസ്-ൽ വിതരണം ചെയ്ത 430.0066 മെട്രിക് ടൺ ബോർഡിന്റെ തുകയായ 3,63,47,481/-(മൂന്നു കോടി അറുപത്തിമൂന്നു ലക്ഷത്തി നാല്പത്തിയേഴായിരത്തി നാനൂറ്റി എൺപത്തിയൊന്നു രൂപ മാത്രം) രൂപയും ഉൾപ്പെടെ ആകെ 11,87,76,481/-(പതിനൊന്നു കോടി എൺപത്തിയേഴുലക്ഷത്തി എഴുപത്തിയാറായിരത്തി നാനൂറ്റി എൺപത്തിയൊന്നു രൂപ മാത്രം) രൂപ 2026-27 സാമ്പത്തിക വർഷം "2202-02-106-99-00-24 (M &S) NP (V)" എന്ന ശീർഷകത്തിൽ അധിക ധനാനുമതി മുഖേന അനുവദിച്ചു നൽകണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം(6) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026 മെയ് മാസം മെ. ശേഷസായി പേപ്പർ & ബോർഡ്സ് ലിമിറ്റഡ് കെ.ബി.പി.എസ്-ൽ വിതരണം ചെയ്ത 1100.5207 മെട്രിക് ടൺ പേപ്പർ -ന്റെ തുകയായ 8,24,29,000/-(എട്ടു കോടി ഇരുപത്തിനാലുലക്ഷത്തി ഇരുപത്തി ഒമ്പതിനായിരം മാത്രം) രൂപയും, തമിഴ്നാട് ന്യൂസ് പ്രിന്റ് & പേപ്പേഴ്സ് ലിമിറ്റഡ് (TNPL) കെ.ബി.പി.എസ്-ൽ വിതരണം ചെയ്ത 430.0066 മെട്രിക് ടൺ ബോർഡിന്റെ തുകയായ 3,63,47,481/-(മൂന്നു കോടി അറുപത്തിമൂന്നു ലക്ഷത്തി നാല്പത്തിയേഴായിരത്തി നാനൂറ്റി എൺപത്തിയൊന്നു രൂപ മാത്രം) രൂപയും അനുവദിക്കുന്നതിലേയ്ക്കായി "2202-02-106-99-00-24

(M &S) NP (V)" എന്ന ശീർഷകത്തിൽ പരാമർശം(7)പ്രകാരം അനുവദിച്ച തുകയിൽ നിന്നും 11,87,76,481/-(പതിനൊന്നു കോടി എൺപത്തിയേഴുലക്ഷത്തി എഴുപത്തിയാറായിരത്തി നാന്നൂറ്റി എൺപത്തിയൊന്നു രൂപ മാത്രം) രൂപ അനുവദിച്ചുനൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ ഡി സജിത്ത് ബാബു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), ഓഡിറ്റ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി, കാക്കനാട്, കൊച്ചി
ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം
സ്റ്റേഷനറി കൺട്രോളർ, വികാസ് ഭവൻ, തിരുവനന്തപുരം
പാഠപുസ്തക ഓഫീസർ, പത്മവിലാസം റോഡ്, തിരുവനന്തപുരം
ധനകാര്യവകുപ്പ്(06.08.2026 തീയതിയിലെ E:3303919/EDN-B3/208/2025-FIN നമ്പർ അഭിപ്രായപ്രകാരം)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര(പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വെബ്സൈറ്റിൽപ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ& പി.ആർ.ഡി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Sajitha V
Date: 11-08-2026
10:47:03

സെക്ഷൻ ഓഫീസർ